# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 246 07. 11.2019 -ൽ മറുപടിയ്ക്ക്

## അദ്ധ്യാപന രംഗത്ത് ഡിജിറ്റൽ റിസോഴ്സുകളുടെ വിനിയോഗം

ചോദ്യം

**ശ്രീ.എം. സ്വരാജ്**
**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ.ഐ.ബി. സതീഷ്**
**ശ്രീ.കെ.ഡി. പ്രസേനൻ**

എ) ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി സജ്ജീകരിച്ചതിനെ ത്തുടർന്ന് ഇവയുടെ ഫലപ്രദമായ വിനിയോഗം എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികളിൽ തന്നെ ഐ.സി.ടി ഉപകരണങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുകയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പഠനവിഭവങ്ങൾ തയ്യാറാക്കി ക്ലാസ് മുറികളിൽ ഓൺലൈനായും ഓഫ്ലൈനായും എത്തിക്കുന്ന തിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ ഐ.സി.ടി ഉപകരണങ്ങളും സൗകര്യങ്ങളും ഫലപ്രദമായിഉപയോഗിക്കുന്നതിനുള്ള പരിശീലന ങ്ങൾ, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകിയിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ടീച്ചിംഗ് നോട്ട് എഴുതി നൽകുന്നതിൽ നിന്നും വ്യത്യസ്തമായി അദ്ധ്യാപകർക്ക് സമഗ്രാസൂത്രണ - സൂക്ഷ്മാസൂത്രണ രേഖകൾ ഡിജിറ്റലായി തയ്യാറാക്കി സമർപ്പിക്കുന്നതിനും സംവിധാനങ്ങൾ എസ്.സി. ഇ.ആർ.ടി.യുടെ സഹായത്തോടെ കൈറ്റ് തയ്യാറാക്കിയ 'സമഗ്ര' റിസോഴ്സ് പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ധാരണയെത്തുന്നതിൽ പ്രയാസമുള്ള പാഠഭാഗങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിൽ മനസിലാക്കുന്നതിന് അനുയോജ്യമായ വീഡിയോ, ഓഡിയോ, ഇന്ററാക്ടീവ്സ്, അനിമേഷൻസ് തുടങ്ങിയവയിലൂടെ തയ്യാറാക്കിയ ഡിജിറ്റൽ വിഭവങ്ങൾ ക്ലാസ് മുറികളിൽ തന്നെ ലഭ്യമാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; ഡിജിറ്റൽ റിസോഴ്സുകളുടെ ശരിയായ വിനിയോഗം ഏതു തരത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | ബി) | ഉണ്ട് ; ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി സ്കൂൾ പാഠപുസ്തകങ്ങൾക്ക് അനുയോജ്യമായ 31000 ത്തോളം ഡിജിറ്റൽ പഠനവിഭവങ്ങൾ സജ്ജമാക്കി സമഗ്ര പോർട്ടലിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഭവങ്ങൾ ക്ലാസ് മുറിയിലെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിനാവശ്യമായ പാഠാസൂത്രണ രേഖകളും സമഗ്രയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പഠന നേട്ടങ്ങൾക്കും അനുയോജ്യമായ പഠന തന്ത്രങ്ങൾ ഡിജിറ്റൽ റിസോഴ്സുകൾ, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ, കുട്ടികൾ തനതായി ഏറ്റെടുക്കാവുന്ന അസൈൻമെൻറ് എന്നിവയെല്ലാം സമഗ്ര പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്യൂ.ആർ. കോഡ് നൽകിയിട്ടുണ്ട്. |
| സി) | ഈ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇവയുടെ ഉപയോഗം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഉണ്ടോ; പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ? | സി) | ഡിജിറ്റൽ വിഭവങ്ങളുടെ നിർമ്മാണം, ഡിജിറ്റൽ വിഭവങ്ങൾ ഉൾചേർത്ത പാഠാസൂത്രണങ്ങൾ തയ്യാറാക്കൽ, ഈ വിഭവങ്ങളുടെ ക്ലാസ്റൂം ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. വിദ്യാഭ്യാസ ഓഫീസർമാർക്ക് പഠന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനാവശ്യമായ മോണിറ്ററിംഗ് സംവിധാനം സമഗ്രയിലൊരുക്കിയിട്ടുണ്ട്. സമഗ്രയുടെ ഉപയോഗം സംബന്ധിച്ച് കൈറ്റ് 2018 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ് ;<br><br>1.സംസ്ഥാനത്തെ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി ഹൈസ്കൂൾ വിഭാഗങ്ങളിലെ 96% അദ്ധ്യാപകരും സമഗ്ര പഠനാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു.<br><br>2. ഹൈസ്കൂൾ വിഭാഗത്തിലെ 80% അദ്ധ്യാപകരും സമഗ്രയിലെ ഡിജിറ്റൽ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തി പാഠങ്ങളുടെ സമഗ്രാസൂത്രണ-സൂക്ഷ്മതലാസൂത്രണ രേഖകൾ തയ്യാറാക്കുന്നു.<br><br>3. കൂടുതൽ ആശയവ്യക്തതയോടെ പാഠവിനിമയം സാധ്യമാകുന്നതിനാൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിനും പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>4. പാഠപുസ്തകങ്ങളിലുള്ളതിനെക്കാൾ കൂടുതൽ അറിവ് ഈ സങ്കേതങ്ങളിലൂടെ ലഭ്യമാകുന്നുവെന്ന് 95% കുട്ടികളും അഭിപ്രായപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ